നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള എം.സി. റോഡിന്റെ പുനർ നിർമ്മാണം കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ലോക ബാങ്ക് സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്ഥലമെടുപ്പിന്റെ 99 ശതമാനം പൂർത്തീകരിച്ചു. പലയിടങ്ങളിലായി വിട്ടുപോയിട്ടുള്ള ചെറു തുണ്ടുകളായി കിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിക്കുന്നു.

(സി) ഉദ്ദേശം 279 കോടി രൂപയാണ് ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷമേ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

അതിവേഗപാതയുടെ നിർമ്മാണം

28 (*238) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രം നടപ്പിലാക്കുന്ന അതിവേഗ പാത നിർമ്മാണത്തിൽ സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഇതിനായി രൂപീകൃതമായ കൺസൾട്ടൻസി സ്ഥാപനം ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ;

(സി) തൃശൂർ മുതൽ കന്യാകുമാരി വരെയുള്ള ഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ എന്ത് തീരുമാനമാണ് അവസാനമായി സ്വീകരിച്ചത് ;

(ഡി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതുവരെ എന്തൊക്കെ നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചു എന്ന് വിശദമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ-സി) ദേശിയപാതാ വികസന പദ്ധതിയുടെ ഫേസ് VI-ൽ ഉൾപ്പെടുത്തി അതിവേഗപാത നെറ്റ്വർക്ക് നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേന്ദ്ര കരഗതാഗത മന്ത്രാലയം ക്രാഫ്റ്റ്സ് കൺസൾട്ടന്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും, ആ സ്ഥാപനം റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് അനുസരിച്ച് കേരളത്തിലൂടെയും, തമിഴ്നാട്ടിലൂടെയുമായി 400 കിലോമീറ്റർ ദൈർഘ്യത്തിൽ തൃശ്ശൂർ കന്യാകുമാരി പാത നാഷണൽ എക്സ്പ്രസ് വേ നെറ്റ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ പാത തൃശ്ശൂരിനപ്പുറത്ത് വടക്കോട്ട് കാസർഗോഡ് വരെ നീട്ടണമെന്ന് 28-10-2009-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

ഡാമുകളുടെ നവീകരണം

29 (*239) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അണക്കെട്ടുകൾ ബലപ്പെടുത്താനും കാര്യക്ഷമമാക്കാനുമുള്ള ലോകബാങ്കിന്റെ ഡ്രിപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ ഡാമുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കാണ് ലോകബാങ്ക് അംഗീകാരം നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിക്കാണ് ലോകബാങ്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് സഹായം ലഭ്യമാക്കാൻ ഏതൊക്കെ ഡാമുകളുടെ പേരുകളാണ് സമർപ്പിച്ചിരുന്നത് ;

(ഡി) ഇപ്പോൾ അംഗീകരിച്ച ഡാമുകളുടെ മുൻഗണന നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും കേരള വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുമാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ താഴെ പറയുന്നു :

പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ (മണിയാർ) ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ

വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ് :

പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ.

LIBRARY ARCHIVES Kerala Legislative Assembly